

# മഹാലക്ഷ്മീ ഉപാസന

## ഭാരതീയ ധർമ്മ പ്രചാര സഭ

ആചാര്യൻ ശ്രീനാഥ് കാരയാട്ട്

**ഭാരതീയ ധർമ്മ പ്രചാര സഭ** സംഘടിപ്പിക്കുന്ന **മഹാലക്ഷ്മി ഉപാസന**യിലേക്ക് എല്ലാവർക്കും സ്വാഗതം. ഈ ജീവിതത്തിൽ നിങ്ങൾ എടുത്ത തീരുമാനങ്ങളിൽ ഏറ്റവും ഉത്തമമായ ഒന്നാണ് മഹാലക്ഷ്മി ഉപാസന പഠിക്കുക എന്നതിൽ യാതൊരു സംശയവുമില്ല.

പ്രപഞ്ചത്തിലെ സമസ്ത സമൃദ്ധിയും അനുഭവിച്ച് മോക്ഷത്തെ സ്വീകരിക്കാൻ നമ്മുടെ ആചാര്യന്മാർ നമുക്ക് തന്നിട്ടുള്ള പദ്ധതികളാണ് ഉപാസന പദ്ധതികൾ. സഗുണോപാസന / നിർഗുണോപാസന എന്നീ രണ്ട് തരത്തിലാണ് ദേവി ഉപാസന നിലനിൽക്കുന്നത് ഇതിൽ സഗുണോപാസനയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സമ്പ്രദായമാണ് മഹാലക്ഷ്മി ഉപാസന. മഹാലക്ഷ്മി ഉപാസന പഠിക്കാൻ സാധിക്കുക എന്നത് ഭൂമിയിൽ തിരഞ്ഞെടുക്കപ്പെട്ട വർക്ക് മാത്രം ലഭിക്കുന്ന ഒരു മഹാഭാഗ്യമാണ്. എല്ലാവരെയും വളരെ സ്നേഹത്തോടെ മഹാലക്ഷ്മി ഉപാസന പദ്ധതിയിലേക്ക് സ്വാഗതം ചെയ്യുന്നു.

ഏവരുടെയും മനസ്സിൽ ഉണ്ടായേക്കാവുന്ന ചില ചോദ്യങ്ങളും അതിൻറെ ഉത്തരങ്ങളും ആണ് താഴെ :-

1. **ആർക്കൊക്കെ മഹാലക്ഷ്മി ഉപാസന സ്വീകരിക്കാം**

പ്രായ ലിംഗ വർണ്ണ ഭേദമില്ലാതെ ഏതൊരാൾക്കും മഹാലക്ഷ്മി ഉപാസനയിലൂടെ പ്രപഞ്ചത്തിലെ സമസ്ത ഐശ്വര്യങ്ങളും തൻറെ ജീവിതത്തിലേക്ക് കൊണ്ടുവരാൻ സാധിക്കും.

2. **ഉപാസന പഠിക്കാൻ സംസ്കൃതം പഠിക്കേണ്ടതുണ്ടോ ?**

ഒരിക്കലുമില്ല. ചില മന്ത്രങ്ങൾ സംസ്കൃതത്തിൽ ആണെങ്കിൽ പോലും അതിൻറെ അർത്ഥം വളരെ സരളമായ രീതിയിൽ ഇവിടെ വിവരിക്കുന്നുണ്ട്.

**3. മന്ത്രദീക്ഷ നേരിട്ട് സ്വീകരിക്കേണ്ടത് അല്ലേ അതിനാൽ എങ്ങനെ വാട്സാപ്പിലൂടെ നമുക്ക് പൂജ പഠിക്കാൻ സാധിക്കും?**

ഉപദേശം സ്വീകരിക്കേണ്ട മന്ത്രങ്ങളും അല്ലാതെയുള്ള മന്ത്രങ്ങളുണ്ട്. ബീജാക്ഷര മന്ത്രങ്ങൾ മാത്രമാണ് ഗുരുനാഥനിൽനിന്നും നേരിട്ട് സ്വീകരിക്കേണ്ടത്. ബീജാക്ഷരം, മന്ത്രങ്ങൾ, വേദമന്ത്രങ്ങൾ, ഉപനിഷത്ത് മന്ത്രങ്ങൾ, സ്തുതികൾ, നാമങ്ങൾ, സ്തോത്രങ്ങൾ, തുടങ്ങി അനവധി തരത്തിലുള്ള മന്ത്രങ്ങളുണ്ട്. ബീജാക്ഷരം മന്ത്രങ്ങളും വേദമന്ത്രങ്ങളും ഗുരുനാഥനിൽ നിന്നും നേരിട്ട് സ്വീകരിച്ചു ഉപാസിക്കേണ്ടതാണ്. ഇവിടെ ഷോഡശ ഉപചാര പൂജയും ചില പ്രത്യേക സൂക്തങ്ങളും സ്തുതികളും സ്തോത്രങ്ങളും ഉപയോഗിച്ചുള്ള ഉപാസനയാണ് പഠിപ്പിക്കുന്നത്.

**4. പൂജക്ക് ഒരുപാട് മുദ്രകളും ആവാഹനാദികളോടെ ഒക്കെ ഇല്ലേ, അതൊക്കെ നമുക്ക് online ലൂടെ പഠിക്കുവാൻ സാധിക്കുമോ.**

തീർച്ചയായും സാധിക്കും വളരെ ലളിതമായ രീതിയിൽ ഉപചാര പ്രകാരത്തിലുള്ള പൂജയാണ് ഇവിടെ പരിചയപ്പെടുത്തുന്നത്. ഇതിൽ കൂടുതൽ മുദ്രകൾ കഠിനമായ ക്രമങ്ങൾ ഒന്നുംതന്നെയില്ല ഏതൊരു സാധാരണക്കാരനും വളരെ എളുപ്പത്തിൽ ലളിതമായി ചെയ്യാവുന്ന രീതിയിലാണ് മഹാലക്ഷ്മി ഉപാസന ചിട്ടപ്പെടുത്തിയിട്ടുള്ളത്.

**5. മഹാലക്ഷ്മി ഉപാസന ചെയ്തു തുടങ്ങിയാൽ പിന്നീട് മുടങ്ങിപ്പോയാൽ എന്തെങ്കിലും ദോഷം ഉണ്ടാകുമോ**

ഒരിക്കലുമില്ല മഹാലക്ഷ്മിയെ നമ്മൾ ഉപാസിക്കുന്ന രീതിയാണ് ഇത്. ചെയ്താൽ ധാരാളം ഗുണമുണ്ട് തുടങ്ങിയിട്ട് ചെയ്തിട്ടില്ലെങ്കിൽ യാതൊരു തരത്തിലുള്ള ദോഷവും സംഭവിക്കുന്നതല്ല.

6. **സ്ത്രീകൾക്ക് ഉപാസന ചെയ്യാമോ**

തീർച്ചയായും സ്ത്രീകൾക്ക് മഹാലക്ഷ്മി ഉപാസന ചെയ്യാം. മഹാലക്ഷ്മി എന്നുള്ള സങ്കല്പം തന്നെ ഒരു സ്ത്രീ സങ്കല്പം ആണ് എന്നത് ഓർക്കണം. ഒരുപക്ഷേ സ്ത്രീകൾ ചെയ്യുമ്പോഴാണ് വളരെ പെട്ടെന്ന് അനുഗ്രഹം സിദ്ധിക്കുന്നത്.

7. **മഹാലക്ഷ്മി ഉപാസന ചെയ്യാൻ പ്രത്യേക പൂജാമുറി ആവശ്യമുണ്ടോ ?**

ഒരിക്കലുമില്ല വീട്ടിലെ എല്ലാവരും ഒന്നിച്ചിരുന്ന് ചെയ്യുന്നതാണ് ഏറ്റവും വിശേഷം. ഡൈനിങ് ഹോളിലോ മുറിയിലോ എവിടെ വച്ച് വേണമെങ്കിലും ചെയ്യാം നല്ല വൃത്തി ഉണ്ടായിരിക്കണം എന്ന് മാത്രം.

8. **മഹാലക്ഷ്മി പൂജ ഉപാസന പഠിച്ചാലുള്ള ഗുണങ്ങൾ എന്തൊക്കെയാണ്?**

മഹാലക്ഷ്മി സമൃദ്ധിയുടെ ദേവതയാണ്, സമ്പത്തിന്റെ ദേവതയാണ്, വിശ്വാസത്തോടെ ഉപാസിച്ചാൽ നമ്മുടെ എല്ലാ തരത്തിലുള്ള കഷ്ടതകളിൽ നിന്നും കടങ്ങളിൽ നിന്നും നമ്മെ രക്ഷിച്ചു, ധനത്തെയും ധാന്യങ്ങളുടെയും രത്നങ്ങളുടെയും സമ്പത്തിന്റെയും സമൃദ്ധി ഉണ്ടാവും

9. **ഏതൊക്കെ ദിവസങ്ങളിലാണ് ഉപാസന ചെയ്യേണ്ടത് ?**

മാനസപൂജയായും വസ്തുക്കൾ ഉപയോഗിച്ചും മഹാലക്ഷ്മി പൂജ ചെയ്യാം. മാനസികമായും ചെയ്യുന്നതിന് വസ്തുക്കൾ ഒന്നും തന്നെ ആവശ്യമില്ല എല്ലാം മനസ്സിൽ സങ്കല്പമായാണ് ചെയ്യുന്നത്. എന്നാൽ വസ്തുക്കൾ ഉപയോഗിച്ചുള്ള പൂജ, ആഴ്ചയിൽ ഒരു ദിവസമോ എല്ലാ വെള്ളിയാഴ്ചകളിലാ വിശേഷ അവസരങ്ങളിലോ താല്പര്യം തോന്നുകയാണെങ്കിൽ ദിവസേനയോ നിങ്ങളുടെ സൗകര്യമനുസരിച്ച് ചെയ്യാം യാതൊരു നിയമങ്ങളും നോക്കേണ്ടതില്ല.

**10. ഒരു പൂജ ചെയ്യാൻ എത്ര സമയമെടുക്കും**

സാധാരണയായി പഠിച്ചു കഴിഞ്ഞാൽ എല്ലാ ദ്രവ്യങ്ങളും ഉപയോഗിച്ച് ചെയ്യുകയാണെങ്കിൽ 40 മിനിറ്റ് മുതൽ ഒരു മണിക്കൂറിനുള്ളിൽ ഒരു പൂജ പൂർണ്ണമാക്കാം എന്നാൽ മാനസികമായ ഉപാസനയാണ് ചെയ്യുന്നതെങ്കിൽ 10 മുതൽ 20 മിനിറ്റിനുള്ളിൽ പൂർണമാവുന്നത് ആണ്. ഉപാസനയ്ക്ക് പുറമേ കൂടുതൽ സൂക്തങ്ങളും നാമജപങ്ങൾ ഭജനകൾ എന്നിവ ഉൾപെടുത്തിയാൽ അതിനനുസരിച്ച് കൂടുതൽ സമയമെടുക്കും.

**11. എത്ര ദിവസം കൊണ്ട് നമുക്ക് മഹാലക്ഷ്മി ഉപാസന പരിശീലിക്കാം**

14 ദിവസം കൊണ്ട് പൂർണമായും പഠിച്ചു കഴിയുന്ന രീതിയിലാണ് പാഠ ഭാഗങ്ങൾ തയ്യാറാക്കിയിരിക്കുന്നത് നിങ്ങൾക്ക് സ്വന്തമായി മഹാലക്ഷ്മി ഉപാസന മഹാലക്ഷ്മി പൂജ ചെയ്യാൻ സാധിക്കുന്നതാണ്

12. **മഹാലക്ഷ്മി പൂജ പഠിച്ചാൽ നമുക്ക് ക്ഷേത്രങ്ങളിൽ പൂജ ചെയ്യാൻ സാധിക്കുമോ ?**

ഇത് ഒരു ഉപാസന പദ്ധതി മാത്രമാണ്. നിങ്ങൾക്ക് മഹാലക്ഷ്മിയെ ഉപാസിച്ച് മഹാലക്ഷ്മി അനുഗ്രഹത്താൽ ജീവിതത്തിലെ എല്ലാ ദുരിതങ്ങളിൽ നിന്നും മാറി ഐശ്വര്യങ്ങൾ വരാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണ് ഷോഡശ ഉപചാര പദ്ധതി അനുസരിച്ചാണ് ഇവിടെ പൂജ പഠിക്കുന്നത് ലളിതമായതും ലഘുവായതും ആയ പദ്ധതിയാണ് ഒരിക്കലും ഈ പദ്ധതികൊണ്ട് നിങ്ങൾക്ക് ക്ഷേത്രത്തിലോ മറ്റ് സങ്കേതങ്ങളിലെ പൂജ ചെയ്യാൻ സാധിക്കുകയില്ല.

13. **മത്സ്യമാംസാദികൾ കഴിക്കുന്നവർക്ക് മഹാലക്ഷ്മി ഉപാസന ചെയ്യാൻ സാധിക്കുമോ ?**

ഇത് ഒരു ഉപാസന പദ്ധതിയാണ് ഏതൊരാൾക്കും ഉപാസന ചെയ്യാം ലക്ഷ്മി ഉപാസന ചെയ്യാൻ സസ്യാഹാരി ആവണം എന്ന് യാതൊരു നിർബന്ധവുമില്ല.

14. **ആരാണ് ആണ് മഹാലക്ഷ്മി പഠിപ്പിക്കുന്നത് ?**

ഭാരതീയ ധർമ്മ പ്രചാര സഭയുടെ പ്രധാന ആചാര്യനായ ഡോക്ടർ ശ്രീനാഥ് കാരയാട്ട് ആണ് മഹാലക്ഷ്മി ഉപാസനയ്ക്ക് നേതൃത്വം നൽകുന്നത് താന്ത്രിക വിഷയത്തിൽ വളരെ ആഴത്തിലുള്ള അറിവും ഉപാസന പാരമ്പര്യമുള്ള മഹത് വ്യക്തിയാണ് അദ്ദേഹം.

15. **മഹാലക്ഷ്മി ഉപാസനയ്ക്ക് മഹാലക്ഷ്മിയുടെ വിഗ്രഹം വീട്ടിൽ പ്രതിഷ്ഠിക്കേണ്ട ഉണ്ടോ ?**

മഹാലക്ഷ്മി ഉപാസനയിൽ പൂജ ചെയ്യുന്നത് പൂർണ്ണ കലശത്തിൽ ആണ്. പൂജ കഴിഞ്ഞാൽ കലശത്തിലെ ജലം വീട്ടിൽ തളിക്കുകയും നാളികേരം ഭക്ഷണത്തിനായി ഉപയോഗിക്കുകയും ചെയ്യാം. മഹാലക്ഷ്മി വിഗ്രഹവും ഫോട്ടോയും അത്യാവശ്യമില്ല ഫോട്ടോ പ്രതിമ ഉണ്ടെങ്കിൽ പൂജാ വേളയിൽ കലശത്തിന് പിന്നിലായി വെക്കുന്നത് നല്ലതാണ്. പ്രാണ പ്രതിഷ്ഠ നടത്തുന്ന രീതിയിലല്ല ഇവിടെ ഉപാസന പഠിപ്പിക്കുന്നത്

16. **മഹാലക്ഷ്മി ഉപാസന ചെയ്യുന്നതിന് വീട്ടിൽ ശുദ്ധം പാലിക്കേണ്ടതല്ലേ?**

നമ്മൾ നമ്മുടെ ദേവിയാണ് ഉപാസിക്കുന്നത് അതിന് കൂടുതൽ നിയമങ്ങൾ നോക്കേണ്ടതില്ല ദേവത ശിക്ഷിക്കുന്ന കലയല്ല ദേവത അനുഗ്രഹിക്കുന്ന കലയാണ്.

## പൂർവ്വാംഗ പൂജ

1.പവിത്രീകരണം

**അപവിത്രഃ പവിത്രോ വാ**

**സർവ്വാവസ്ഥാം ഗതോപി വാ**

**യത് സ്മരേത്പുണ്ഡരീകാക്ഷം**

**സബാഹ്യാഭ്യന്തര ശുചിഃ**

*സ്വന്തം ശരീരത്തിലും പൂജാദ്രവ്യങ്ങളിലും ജലം തളിക്കുക*

**2. ദീപപ്രോജ്ജ്വലനം**

*(ദീപം കത്തിക്കുക )*

**ദീപജോതിപരം ബ്രഹ്മ**

**ദീപജ്യോതിർ ജനാർദ്ദനഃ**

**ദീപോ ഹരതു മേ പാപം**

**ദീപജ്യോതീ നമോസ്തുതേ**

**3 . ആചമനം**

*(കയ്യിൽ വെള്ളമെടുത്ത് മൂന്ന് പ്രാവശ്യം കുടിക്കുക.)*

**ഓം അച്യുതായ നമഃ**

**ഓം അനന്തായ നമഃ**

**ഓം ഗോവിന്ദായ നമഃ**

## 4. ഗുരുധ്യാനം

**സദാശിവ സമാരംഭാം**

**ശങ്കരാചാര്യ മദ്ധ്യമാം അസ്മദാചാര്യപര്യന്താം**

**വന്ദേ ഗുരു പരമ്പരാം**

**ഗുരുർ ബ്രഹ്മാ ഗുരുർ വിഷ്ണുഃ**

**ഗുരുർ ദേവോ മഹേശ്വരഃ**

**ഗുരുഃ സാക്ഷാൽ പരം ബ്രഹ്മ**

**തസ്മൈ ശ്രീ ഗുരവേ നമഃ**

*( അച്ഛൻ , അമ്മ , ഗുരുക്കന്മാർ , കാരണവന്മാർ എന്നിവരെ മനസ്സാ നമസ്കരിച്ച് അനുവാദം വാങ്ങിക്കുക . )*

## 5 . ആസനപൂജ

*ഇരിപ്പിടത്തിൽ നിന്ന് സ്വല്പം പിറകോട്ട് മാറി കയ്യിൽ ജലമെടുത്ത് മന്ത്രം ചൊല്ലി തളിക്കുക ഇരിപ്പിടത്തിൽ ദൈവീക ഊർജ്ജം ആയതായി സങ്കൽപ്പിക്കുക*

'പൃഥ്വി ത്വയാ ധൃതാ ലോകാ

ദേവിത്വം വിഷ്ണുനാ ധൃതാ

ത്വം ച ധാരയമാം ദേവി

പവിത്രം കുരു ചാസനം'

*വീണ്ടും ഇരിപ്പിടത്തിൽ ഇരിക്കുക*

**6. ആത്മപൂജ**

*(സ്വന്തം ശിരസ്സിൽ അക്ഷതം ഇടുക )*

**ദേഹോ ദേവാലയഃ പ്രോക്താ**

**ജീവോ ദേവ സനാതനഃ**

**ത്യജ്യത് അജ്ഞാൻ നിർമ്മാല്യം**

**സോഹം ഭാവേന പുജയേത്**

**7. ഘണ്ഡാപൂജ**

*( മണിമുഴക്കി കൊണ്ട് ചൊല്ലുക)*

**ആഗമനാർത്ഥം തു ദേവാനാം**

**ഗമനാർത്ഥം തു രക്ഷസാം**

**കുർവ്വേ ഘണ്ഡാരവം തത്ര**

**ദേവതാഹ്വാന ലാഞ്ജ്ജനം –**

## 8 . ശ്രീ ഗണപതി ധ്യാനം

**ഓം ശുക്ലാംബരധരം വിഷ്ണും**

**ശശിവർണ്ണം ചതുർഭുജം**

**പ്രസന്നവദനം ധ്യായേത് സർവ്വവിഘ്നോപശാന്തയേ**

**വക്രതുണ്ഡമഹാകായ**

**സൂര്യകോടി സമപ്രഭ**

**നിർവ്വിഘ്നം കുരുമേദേവ**

**സർവ്വകാര്യേഷു സർവ്വദാ**

## ദേശകാല സങ്കല്പം

*പുഷ്പാക്ഷതങ്ങൾ കയ്യിൽ വെച്ച് ചെയ്യുക*

**ഓം തത് സത്.**

**മമ ഉപാത്ത സമസ്ത ദുരിതക്ഷയദ്വാരാ,**

**ശ്രീ മഹാലക്ഷ്മീ പ്രീത്യർഥം,**

**അദ്യ ബ്രഹ്മണ**

**ദ്വിതീയപരാർധേ,**

**ശ്വേതവരാഹകല്പേ,**

**വൈവസ്വതമന്വന്തരേ,**

**അഷ്ടാവിംശതിതമേ**

കലിയുഗേ,

പ്രഥമേ പാദേ,

ജംബുദ്വീപേ,

ഭരതഖണ്ഡേ,

ഭാരതദേശേ,

മേരോർ ദക്ഷിണേപാർശ്വേ,

ശകാബ്ദേ,

അസ്മിൻ വർത്തമാനേ,

വ്യാവഹാരികേ,

പ്രഭവാദീനാം

ഷഷ്ടിസംവത്സരാണാം മധ്യേ

പ്രവർത്തമാനേ

........ നാമകേ സംവത്സരേ,

..........അയനേ

.......... മാസേ,

.............. തിഥൗ,

..............വാസരയുക്തായാം,

...............നക്ഷത്രയുക്തായാം,

**ശുഭയോഗ**

**ശുഭകരണ ഏവം**

**ഗുണവിശേഷേണ വിശിഷ്ടായാം,**

**അസ്യാം ശുഭതിഥൗ,**

**അസ്മാകം**

**സകുടുംബാനാം**

**ക്ഷേമ– സ്ഥൈര്യ – വീര്യ– വിജയ – ആയുരാരോഗ്യ– ഐശ്വര്യാണാം അഭിവൃദ്ധ്യർഥം,**

**സമസ്തമംഗളാവാപ്ത്യർഥം,**

**സമസ്ത ദുരിത ഉപശാന്ത്യർഥം,**

**ധർമാർഥകാമമോക്ഷരൂപ ചതുർവിധഫലപുരുഷാർഥസിദ്ധ്യർഥം,**

**ചിന്തിത മനോരഥ അവാപ്ത്യർഥം,**

**ശ്രീ മഹാലക്ഷ്മീ പ്രസാദ സിദ്ധ്യർഥം,**

**ശ്രീ മഹാലക്ഷ്മീ പ്രസാദാത് സമസ്ത**

**മംഗളാവാപ്ത്യർഥം**

**സകല അഭീഷ്ടഫലസിദ്ധ്യർഥം**

**ശ്രീ മഹാലക്ഷ്മ്യാഃ യഥാശക്തി ധ്യാന ആവാഹനാദി പുരഃ സരം**

**ഷോഡശോപചാരപൂജാം അഹം കരിഷ്യേ.**

*പുഷ്പാക്ഷതങ്ങൾ കലശത്തിൽ സമർപ്പിക്കുക*

**<u>കലശ സ്ഥാപനം</u>**

*പുഷ്പാക്ഷതങ്ങൾ കയ്യിൽ എടുത്ത് ചൊല്ലുക*

**കലശസ്യ മുഖേ വിഷ്ണു:**

**കണ്ഠേ രുദ്ര: സമാശ്രിത:**

**മൂലേ ത്വസ്യ സ്ഥിതോ ബ്രഹ്മാ**

**മധ്യേ മാതൃഗണാ: സ്മൃതാ:**

**കുക്ഷൗ തു സാഗരാ: സർവേ**

**സപ്തദ്വീപാ വസുന്ധരാ**

**ഋഗ്വേദോഽഥ യജുർവേദ:**

**സാമവേദോ?പ്യഥർവണ:**

**അങ്ഗൈശ്ച സഹിതാ: സർവേ**

**കലശാമ്ബു സമാശ്രിതാ:**

**ആയാന്തു ദേവീപൂജാർഥം**

**ദുരിതക്ഷയകാരകാ:**

**ഗംഗേ ച യമുനേ ചൈവ**

**ഗോദാവരി സരസ്വതി**

**നർമദേ സിന്ധു കാവേരി**

**ജലേഽസ്മിൻ സന്നിധിം കുരു**

*പുഷ്പാക്ഷതങ്ങൾ കലശത്തിൽ സമർപ്പിക്കുക*

**<u>ശ്രീ മഹാലക്ഷ്മി ധ്യാനം</u>**

*(തൊഴുതുകൊണ്ട് ചൊല്ലുക)*

**യാ സാ പദ്മാസനസ്ഥാ –**

**–വിപുല – കടി – തടീ –**

**പദ്മ – പത്രായതാക്ഷീ!**

**ഗംഭീരാ/വർത്ത– നാഭീ–**

**സ്തന – ഭര– നമിതാ –**

**–ശുഭ്ര – വസ്ത്രോ/ത്തരീയാ**

**ലക്ഷ്മീർ – ദിവ്യൈർ,**

**ഗജേന്ദ്രൈർ –**

**മണി – ഗണ – ഖചിതൈഃ –**

**സ്നാപിതാ– ഹേമ – കുംഭൈഃ !**

**നിത്യം – സാ– പദ്മ – ഹസ്താ–**

**മമ – വസതു –ഗൃഹേ (ഹൃദയേ )**

**സർവ്വ– മംഗല്യ – യുക്താ**

## ഷോഡശോപചാര പൂജ

### ആവാഹനം

**1 .സർവ്വ സംമ്പത് പ്രദാത്രീ ച മഹാദേവീം അഹംഭജേ ആവാഹയാമ്യഹം ദേവീം സർവ്വസൗഖ്യപ്രദായിനീം**

**ഓം ശ്രീ മഹാ ലക്ഷ്മ്യൈ നമഃ**

**ആവാഹയാമി സ്ഥാപയാമി പൂജയാമി**

*(പുഷ്പം സമർപ്പിക്കുക)*

**2 .നാനാരത്നസമായുക്തം തപ്തഹാടകനിർമ്മിതം**

**ഭദ്രാസനം സമാനീതം**

**സ്വീകുരുഷ മഹേശ്വരി ,**

**ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ**

**രത്നസിംഹാസനം സമർപ്പയാമി**

*(പുഷ്പം സമർപ്പിക്കുക)*

**3 .സുരാസുര മഹാമൗലി**

**മാലാ മാണിക്യ കാന്തിഭിഃ**

**വിരാജിത പദ ദ്വന്ദേ**

**പാദ്യം തേ കൽപയാമ്യഹം**

**ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ**

**പാദയോ പാദ്യം സമർപ്പയാമി**

*(ജലം സമർപ്പിക്കുക)*

**4 .അനർഘസത്വസംപൂർണ്ണേ**

**പുത്ര പൗത്രഫലപ്രദേ**

**അർഘ്യം ദാസ്യാമി ദേവേശീ**

**മമാ/നർഘ്യ– വര പ്രദേ**

**ഓം ശ്രീ മഹാലക്ഷ്മൈ നമഃ**

**അർഘ്യം സമർപ്പയാമി**

*(ജലം സമർപ്പിക്കുക)*

**5 .രക്ത ബീജ സമുത്പന്ന രക്താസനസമാശ്രയേ**

**ദദാമ്യാചമനം തുഭ്യം**

**ഭക്താനാം ഭദ്രദായിനി**

**ഓം ശ്രീ മഹാലക്ഷ്മൈ നമഃ**

**ആചമനീയം സമർപ്പയാമി**

*(ജലം സമർപ്പിക്കുക)*

**6 .മധുപർക്കം മയാദേവീ**

**കാഞ്ചി നൂപുര ശോഭിതേ**

**സ്വീകൃത്യ ദയയാദേവീ**

**കുർവ്വന്തു മേ മംഗളം**

**ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ**

**മധുപർക്കം സമർപ്പയാമി**

*(തേൻ സമർപ്പിക്കുക)*

**7 .കാമധേനു സമുദ്ഭൂതം**

**പ്രാർത്ഥിതം സർവ്വ ദൈവതാ പുഷ്ടിദം പ്രാണിനാം ശുദ്ധം**

**ക്ഷീരം സ്നാനായ കല്പയേ**

**ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ**

**ക്ഷീരസ്നാനം സമർപ്പയാമി**

*(പാൽ സമർപ്പിക്കുക)*

**8 .പയോദധി ഘൃത ക്ഷൗദ്ര**

**ശർക്കരാ /ഫല സംയുതം**

**പഞ്ചാമൃതം തേ സ്നാനാർത്ഥം കല്പയേ/ഹം വരദേ ശിവേ**

**ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ**

**പഞ്ചാമൃതസ്നാനം സമർപ്പയാമി**

*(പഞ്ചാമൃതം സമർപ്പിക്കുക)*

**9 .ഗംഗാ /തോയം സമാനീതം**

**ചന്ദനേന സമന്വിതം**

**ഭക്ത്യാ ദത്തമിദം തോയം**

**ഗൃഹ്യതാം പരമേശ്വരി**

**ഓം ശ്രീ  മഹാലക്ഷ്മ്യൈ നമഃ**

**ശുദ്ധോദക സ്നാനം സമർപ്പയാമി**

*(ശുദ്ധജലം സമർപ്പിക്കുക)*

**10 . ക്ഷൗമ – ചേലാം മിമാം ദേവീ**

**ഹേമ –സൂത്ര – വിചിത്രിതാം**

**ചിത്ര– വർണ്ണ – സമായുക്താം**

**ഭക്ത്യാ /ദുർഗ്ഗേ ദദാമ്യഹം**

**ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ –**

**വസ്ത്രോത്തരീയം സമർപ്പയാമി**

*(ഉത്തരീയം സമർപ്പിക്കുക)*

**11 . കഞ്ചുകം ചോ/പവസ്ത്രം ച**

**ഹംസചിഹ്ന വിഭൂഷിതം**

**ഗൃഹാണത്വം മഹാ–ദുർഗ്ഗേ**

**മയാദത്തം സുശോഭിതം**

**ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ**

**വസ്ത്രം സമർപ്പയാമി**

*(വസ്ത്രം സമർപ്പിക്കുക)*

**12. ലളിതേ ശ്രീ മഹേശാനി സർവ്വമംഗളദായിനീ സ്വർണ്ണമംഗളസൂത്രം തേ**

**ദദേഹം മംഗള പ്രദം**

**ഓം ശ്രീ  മഹാലക്ഷ്മ്യൈ നമഃ**

**മംഗളസൂത്രം സമർപ്പയാമി**

*(മംഗളസുത്രം സമർപ്പിക്കുക)*

**13 . ബ്രഹ്മവിദ്യേ ജഗന്മാതഃ**

**സ്വർണതന്തു വിനിർമ്മിതം**

**ഉപവീതം ദദാമ്യദ്യ**

**സർവ്വയജ്ഞ സ്വരൂപിണി**

**ഓം ശ്രീ  മഹാലക്ഷ്മ്യൈ നമഃ**

**യജ്ഞോപവീതം സമർപ്പയാമി**

*(യജ്ഞോപവീതം സമർപ്പിക്കുക)*

**14 .  കിരീടഹാരകേയൂര**

**കങ്കാണാദി വിഭൂഷണൈർ അലങ്കാരോമി ലളിതേ സർവ്വാലങ്കാരകാരിണി**

**ഓം ശ്രീ  മഹാലക്ഷ്മ്യൈനമഃ**

**ആഭരണാനി സമർപ്പയാമി**

*(ആഭരണങ്ങൾ സമർപ്പിക്കുക)*

15 . കുങ്കുമാ/ഗരു– കർപ്പൂര – കസ്തൂരി – ചന്ദനാദികം വിലേപനം

മഹാദേവി ഗൃഹാണ – സുരവന്ദിതേ

ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ

ദിവ്യഗന്ധാൻ ധാരയാമീ

ഗന്ധസ്യോപരി ഹരിദ്രാ കുങ്കുമം സമർപ്പയാമി –

*(ചന്ദനം കുങ്കുമം എന്നിവ അർച്ചിക്കുക)*

16 . രഞ്ജിതാ കുങ്കുമൗഘേന ഹരിദ്രാക്താ/സ്തഥാക്ഷതാഃ
തവാലങ്കാരണാർത്ഥായ

ഭക്ത്യാ ദത്താ സുശോഭനാഃ

ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ

അക്ഷതാൻ സമർപ്പയാമി

*(അക്ഷതം സമർപ്പിക്കുക )*

17 . ജാതീ ചമ്പക പുന്നാഗ

കേതകീ വകുളാനീ ച

മയാർപ്പിതാനി സുഭഗേ

ഗൃഹാണ ജഗദംബികേ

ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ

പുഷ്പാണി സമർപ്പയാമി

*(പുഷ്പം സമർപ്പിക്കുക)*

# അംഗപൂജ

*(പുഷ്പാക്ഷതങ്ങൾ കയ്യിലെടുത്ത് ഓരോ മന്ത്രവും ചൊല്ലി സമർപ്പിക്കുക)*

**ഓം പൂജ്യപാദായൈ നമഃ**

**പാദൗ പൂജയാമി**

**ഓം വിചിത്ര നൂപുരായൈ നമഃ**

**ജംഘേ പൂജയാമി**

**ഓം കുഞ്ചിതചരണായൈ നമഃ**

**ജാനൂനി പൂജയാമി**

**ഓം രംഭോർവ്വൈനമഃ**

**ഊരു പൂജയാമി**

**ഓം രത്നമേഖലായൈ നമഃ**

**കടിം പൂജയാമി**

**ഓം ഭുവനേശ്വര്യൈ നമഃ**

**ഉദരം പൂജയാമി**

**ഓം ജഗന്മാത്രേ നമഃ**

**സ്തനൗ പൂജയാമി**

**ഓം ദുഷ്ട –നിഷൂദിനമഃ**

**ബാഹ്വൌ പൂജയാമി**

ഓം വിശാലവക്ഷസേ നമഃ

വക്ഷസ്ഥലം പൂജയാമി

ഓം ഭക്തവത്സലായൈ നമഃ

ഹൃദയം പൂജയാമി

ഓം കംബു കണ്ഠ്യയ് നമഃ

കണ്ഠം പൂജയാമി ഓം

നാസാഭരണഭാസുരായൈ നമഃ

നാസികാം പൂജയാമി

ഓം കാമാക്ഷ്യയ് നമഃ

അക്ഷിണീ പൂജയാമി

ഓം രത്നതാടങ്കഭൂഷിതായൈ നമഃ

കർണ്ണൗ പൂജയാമി

ഓം ചന്ദ്രകലാധരായൈ നമഃ

ലലാടം പൂജയാമി

ഓം വേദരൂപായൈ നമഃ

മുഖം പൂജയാമി

ഓം ബിബോഷ്ഠ്യൈ നമഃ

ഓഷ്ഠൗ പൂജയാമി

**ഓം സുകേശ്യൈ നമഃ**

**കേശാൻ പൂജയാമി**

**ഓം കിരീടധാരിണ്യയ് നമഃ**

**ശിരഃ പൂജയാമി**

**ഓം അഖിലാണ്ഡനായികായൈ നമഃ**

**സർവ്വാംഗം പൂജയാമി –**

*പതിനാറ് പ്രാവശ്യം മഹാലക്ഷ്മീ മൂലമന്ത്രം ചൊല്ലി പുഷ്പാർച്ചന ചെയ്യുക*

## ഓം കമലേ കമലാലയേ പ്രസീദ പ്രസീദ

## ശ്രീ മഹാ ലക്ഷ്മ്യൈ നമഃ

**18 . ചന്ദനാ ഗരു കർപ്പൂര**

**സാരഗുഗ്ഗുലു സംയുതം**

**ധൂപം ഗൃഹാണ ലളിതേ**

**കാമരൂപേ നമോസ്തുതേ**

**ഓം ശ്രീ  മഹാലക്ഷ്മ്യൈനമഃ**

**ധൂപം ആഘ്രാപയാമി**

*(ധൂപം കാണിക്കുക  -  മണി മുഴക്കുക)*

**19 .  ത്വം ജ്യോതി സർവ്വദേവാനാം**

**തേജസാം തേജ ഉത്തമം**

**ജ്യോതിർമണ്ഡലഗേ ദേവീ**

**ദീപം സ്വീകുരു നിർമ്മലേ**

**ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ**

**ദീപം ദർശയാമി**

*( ദീപം കാണിക്കുക  -  മണി മുഴക്കുക )*

**ധൂപദീപാനന്തരം ആചമനീയം സമർപ്പയാമി**

*(ഒരു തവണ ജലം സമർപ്പിക്കുക)*

## മഹാനിവേദ്യം

**20 , ബഹുഭക്ഷ്യ സമായുക്തം നാനാഫലസമന്വിതം**

**നൈവേദ്യം ഗൃഹ്യതാം ദേവി**

**നാരായണ കുടുംബിനി**

**ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ**

**ഗുഡാന്നം നാളികേരഖണ്ഡദ്വയം കദളീഫലം മഹാനൈവേദ്യം നിവേദയാമി**

*കുറച്ചു പുഷ്പം കയ്യിലെടുത്ത് ഓരോതവണ മന്ത്രം ചൊല്ലി നിവേദ്യം ഉഴിഞ്ഞു പുഷ്പം സമർപ്പിക്കുക*

**ഓം പ്രാണായ സ്വാഹാ**

**ഓം അപാനായ സ്വാഹാ**

**ഓം വ്യാനായ സ്വാഹാ**

**ഓം ഉദാനായ സ്വാഹാ**

**ഓം സമാനായ സ്വാഹാ**

**ഓം ബ്രഹ്മണേ സ്വാഹാ**

**നിവേദ്യാനന്തരം ആചമനീയം സമർപ്പയാമി**

*( ഒരു തവണ ജലം സമർപ്പിക്കുക )*

**21. കർപ്പൂരഖണ്ഡസംയുക്തം**

**കസ്തൂരീപുക സംയുതം മുക്താചൂർണ്ണസമായുക്തം**

**താംബൂലം സമർപ്പയാമി**

**ഓം ശ്രീ മഹാലക്ഷ്മൈ നമഃ**

**താംബൂലം സമർപ്പയാമി**

*(വെറ്റിലപാക്ക് സമർപ്പിക്കുക )*

## ഉത്തര പൂജ

### രാജോപചാരപൂജ

*(പുഷ്പാക്ഷതങ്ങൾ സമർപ്പിക്കുക)*

**ഓം ശ്രീ മഹാലക്ഷ്മൈ നമ:**

**ഛത്രം സമർപ്പയാമി**

**ഓം ശ്രീ മഹാലക്ഷ്മൈ നമ:**

**ചാമരം സമർപ്പയാമി**

**ഓം ശ്രീ മഹാലക്ഷ്മൈ നമ:**

**ഗീതം സമർപ്പയാമി**

**ഓം ശ്രീ മഹാലക്ഷ്മൈ നമ:**

**ഗാനം സമർപ്പയാമീ**

ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ

നൃത്തം സമർപ്പയാമി

ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ

വാദ്യം സമർപ്പയാമി

ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ

ആന്ദോളികം സമർപ്പയാമി

ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ

അശ്വം സമർപ്പയാമി

ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ

ഗജം സമർപ്പയാമി

ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ

രഥം സമർപ്പയാമി

ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ

സമസ്ത രാജോപചാര , ദേവോപചാര ,

മന്ത്രോപചാരാൻ സമർപ്പയാമി .

## പുഷ്പാഞ്ജലി ചെയ്യുക –

*(പുഷ്പാക്ഷതങ്ങൾ സമർപ്പിക്കുക)*

**...........നക്ഷത്ര ജാതസ്യ**

**...........നാമധേയസ്യ**

**അസ്യ ലഗ്നസ്യ , കുടുംബസ്യ**

**അനുകൂലം പ്രയശ്ച പ്രയശ്ച,**

**പ്രതികൂലം നാശയ നാശയ ,**

**സർവ്വകാര്യാണി സാധയ സാധയ ,**

**സർവ്വ ശ്രത്രൂൻ നാശയ നാശയ , സർവ്വരോഗാൻ നികൃന്തയ നികൃന്തയ ,**
**സർവ്വത്ര വിജയം പ്രയശ്ച പ്രയശ്ച ,**

**ഓം ശ്രീ മഹാലക്ഷ്മ്യൈ നമഃ**

*( ഭാഗ്യസൂക്തം , ശ്രീസൂക്തം തുടങ്ങിയ മന്ത്രങ്ങളെ കൊണ്ട്*

*പുഷ്പാഞ്ജലി ചെയ്യാവുന്നതാണ് )*

നമസ്തേസ്തു മഹാമായേ

ശ്രീ പീഠേ സുരപൂജിതേ

ശംഖചക്രഗദാഹസ്തേ

മഹാലക്ഷ്മി നമോസ്തുതേ

നമസ്തേ ഗരുഡാരൂഢേ കോലാസുരഭയങ്കരി

സർവ്വപാപഹരേ ദേവി

മഹാലക്ഷ്മി നമോസ്തുതേ

സർവ്വജ്ഞേ സർവ്വവരദേ സർവ്വദുഷ്ടഭയങ്കരീ

സർവ്വദു:ഖഹരേ ദേവി

മഹാലക്ഷ്മി നമോസ്തുതേ

സിദ്ധിബുദ്ധിപ്രദേ ദേവി ഭുക്തിമുക്തിപ്രദായിനി

മന്ത്രമൂർത്തേ സദാ ദേവി

മഹലക്ഷ്മി നമോസ്തുതേ

ആദ്യന്തരഹിതേ ദേവി

ആദ്യശക്തി മഹേശ്വരി

യോഗജേ യോഗസംഭൂതേ മഹാലക്ഷ്മി നമോസ്തുതേ

സ്ഥൂലസൂക്ഷ്മമഹാരൌദ്രേ മഹാശക്തിമഹോദരേ

മഹാപാപഹരേ ദേവി

മഹാലക്ഷ്മി നമോസ്തുതേ

പദ്മാസനസ്ഥിതേ ദേവി പരബ്രഹ്മസ്വരൂപിണി

പരമേശി ജഗന്മാതർ

മഹാലക്ഷ്മി നമോസ്തുതേ

ശ്വേതാംബരധരേ ദേവി നാനാലങ്കാരഭൂഷിതേ

ജഗത് സ്ഥിതേ ജഗന്മാതർ

മഹാലക്ഷ്മി നമോസ്തുതേ

മഹാലക്ഷ്മ്യഷ്ടകം സ്ത്രോത്രം യ: പഠേത് ഭക്തിമാന്നരഃ

സർവ്വ സിദ്ധിമവാപ്നോതി രാജ്യം പ്രാപ്നോതിസർവ്വദാ

ഏകകാലേ പഠേന്നിത്യം മഹാപാപവിനാശം

ദ്വികാലം യ: പഠേന്നിത്യം ധനധ്യാനസമന്വിതഃ

ത്രികാലം യ: പഠേന്നിത്യം മഹാശത്രുവിനാശനം

മഹാലക്ഷ്മിർഭവേന്നിത്യം

പ്രസന്നാ വരദാശുഭാ

അഷ്ടലക്ഷ്മീ സതുതി

ആദിലക്ഷ്മി

സുരഗണവന്ദിത സുന്ദരി മാധവി ചന്ദ്രസഹോദരി ഹേമമയേ

മുനിഗണവന്ദിത മോക്ഷപ്രദായിനി മഞ്ജുളഭാഷിണി വേദനുതേ

പങ്കജവാസിനി ദേവസുപൂജിത സദ്ഗുണവർഷിണി ശാന്തിയുതേ

ജയ ജയ ഹേ മധുസൂദനകാമിനി ആദിലക്ഷ്മി ജയ പാലയമാം

## ധാന്യലക്ഷ്മി

അയികലി കല്മഷ നാശിനി കാമിനി വൈദികരൂപിണി വേദമയേ

ക്ഷീരസമുദ്ഭവ മംഗളരൂപിണി മന്ത്രനിവാസിനി മന്ത്രനുതേ

മംഗളദായിനി അംബുജവാസിനി ദേവഗണാശ്രിത പാദയുതേ

ജയ ജയ ഹേ മധുസൂദനകാമിനി ധാന്യലക്ഷ്മി ജയ പാലയമാം

## ധൈര്യലക്ഷ്മി

ജയവരവർണ്ണിനി വൈഷ്ണവി ഭാർഗ്ഗവി മന്ത്രസ്വരൂപിണി മന്ത്രമയേ

സുരഗണപൂജിത ശീഘ്രഫലപ്രദ ജ്ഞാനവികാസിനി ശാസ്ത്രനുതേ

ഭവഭയഹാരിണി പാപവിമോചിനി സാധുജനാശ്രിത പാദയുതേ

ജയ ജയ ഹേ മധുസൂദനകാമിനി ധൈര്യലക്ഷ്മി ജയ പാലയമാം

## ഗജലക്ഷ്മി

ജയ ജയ ദുർഗതിനാശിനി കാമിനി സർവഫലപ്രദ ശാസ്ത്രമയേ

രഥഗജതുരഗപദാദി സമാനുത പരിജനമണ്ഡിത ലോകനുതേ

ഹരിഹരബ്രഹ്മസുപൂജിത സേവിത താപനിവാരിണി പാദയുതേ

ജയ ജയ ഹേ മധുസൂദനകാമിനി ശ്രീ ഗജലക്ഷ്മി പാലയമാം

## സന്താനലക്ഷ്മി

അയി ഖഗവാഹിനി മോഹിനി ചക്രിണി രാഗവിവർദ്ധിനി ജ്ഞാനമയേ

ഗുണഗണവാരിധി ലോകഹിതൈഷിണി

സപ്തസ്വരായുധ ഗാനയുതേ

സകലസുരാസുര ദേവമുനീശ്വര മാനവവന്ദിത പാദയുതേ

ജയ ജയ ഹേ മധുസൂദനകാമിനി സന്താനലക്ഷ്മി പാലയമാം

വിജയലക്ഷ്മി

ജയ കമലാസനി സദ്ഗതിദായിനി ജ്ഞാനവികാസിനി രാഗമയേ

അനുദിനമർച്ചിത കുങ്കുമധൂസരഭൂഷിതവാസിത വാദ്യനുതേ

കനകധരാസ്തുതി വൈഭവവന്ദിത ശങ്കരദേശിക മാന്യപദേ

ജയ ജയ ഹേ മധുസൂദനകാമിനി വിജയലക്ഷ്മി ജയ പാലയമാം

വിദ്യാലക്ഷ്മി

പ്രണതസുരേശ്വരി ഭാരതി ഭാർഗ്ഗവി ശോകവിനാശിനി രത്നമയേ

മണിമയഭൂഷിത കർണ്ണവിഭൂഷണ ശാന്തിസമാവൃത ഹാസ്യമുഖേ

നവനിധിദായിനി കലിമലഹാരിണി കാമ്യഫലപ്രദ ഹസ്തയുതേ

ജയ ജയ ഹേ മധുസൂദനകാമിനി വിദ്യാലക്ഷ്മി ജയ പാലയമാം

ധനലക്ഷ്മി

ധിമി ധിമി ധിംധിമി ധിംധിമി ധിംധിമി ദുന്ദുഭിനാദ സുപൂർണ്ണമയേ

ധുമ ധുമ ദുന്ദും ദുന്ദും ദുന്ദും ശംഖനിനാദ സുവാദ്യയുതേ

വേദപുരാണിതിഹാസ സുപൂജിത വൈദികമാർഗ്ഗപ്രദർശയുതേ

ജയ ജയ ഹേ മധുസൂദനകാമിനി ശ്രീ ധനലക്ഷ്മി പാലയമാം

## ക്ഷമാ പ്രാർത്ഥന

*(പുഷ്പാക്ഷതങ്ങൾ സമർപ്പിക്കുക)*

**കായേന വാചാ**

**മനസേ/ ന്ദ്രി/യൈർ വ്വാ –**

**ബുദ്ധ്യാ / –ത്മനാവാ**

**പ്രകൃതേഃ സ്വഭാവാത്**

**കരോമിയദ്ധ്യത്**

**സകലം പരസ്മൈ**

**മഹാലക്ഷ്മീതി സമർപ്പയാമി**

**കുലദേവതായേതി സമർപ്പയാമി ഗ്രാമദേവതായേതി സമർപ്പയാമി**

*പുഷ്പാക്ഷതം സമർപ്പിക്കുക*

**അന്യതാ ശരണം നാസ്തി**

**ത്വമേവ ശരണം ദേവീ**

**തസ്മാത് കാരുണ്യ ഭാവേന**

**ക്ഷമസ്വ പരമേശ്വരീ**

**കര– ചരണ –കൃതം വാ**

**കായജം കർമ്മജം വാ,**

**ശ്രവണ–നയനജം വാ**

**മാനസം വാ/പരാധം**

**വിഹിത /മവിഹിതം വാ,**

**സർവ്വമേതത് ക്ഷമസ്വ,**

**ജയ ജയ കരുണാബ്ധേ,**

**ശ്രീ മഹാലക്ഷ്മി ത്രാഹി**

**ആവാഹനം നാ ജാനാമി,**

**നാ ജാനാമി വിസർജനം**

**പൂജ– കർമ്മം ന ജാനാമി,**

**ക്ഷമസ്വ പരമേശ്വരി**

**മന്ത്രഹീനം ക്രിയാഹീനം**

**ഭക്തിഹീനം മഹേശ്വരീ**

**യത്പുജിതം മയാദേവീ**

**പരിപൂർണ്ണം തതസ്തു തേ**

*കർപ്പൂരം കത്തിക്കുക .*

*( മണി മുഴക്കി കർപ്പൂരം ആരതി ഉഴിയുക )*

നീരാഞ്ജാനം നീരജാക്ഷി

നാരായണ വിലാസിനി

ഗൃഹ്യതാം അർപ്പിതം ഭക്ത്യാ

ഗരുഡധ്വജ – ഭാമിനി –

ഓം ശ്രീ മഹാലക്ഷ്മൈ്യ നമഃ

കർപ്പൂരനീരാജ്ഞനം സമർപ്പയാമി

<u>പ്രദക്ഷിണ നമസ്കാരം ചെയ്യുക</u>

യാനി കാനിച പാപാനി

ജന്മാന്തര കൃതാനി ച

താനി താനി വിനശ്യന്തി

പ്രദക്ഷിണ പദേ പദേ

# ദിശാ നമസ്കാരം ചെയ്യുക

പ്രപഞ്ചത്തിലെ സമസ്ത ജീവികളോടും നന്ദി പറയുന്ന രീതിയാണ് ദിശാ നമസ്കാരം , ഒരു വ്യവസ്ഥക്കു വേണ്ടി മാത്ര മാണ് ദിശ നിശ്ചയിക്കുന്നത് . ദിശ തെറ്റിയാലും കുഴപ്പമില്ല . മനസ്സിൽ ഫീൽ ചെയ്തു വേണം ചെയ്യാൻ .

**കിഴക്കുഭാഗം –**

പുൽകൊടി മുതൽ വൻവൃക്ഷങ്ങൾ വരെയുള്ള സസ്യങ്ങൾ, നമ്മൾ ശ്വസിക്കുന്ന ഓക്സിജനും നമ്മൾ കഴിക്കുന്ന ഭക്ഷണവും തരുന്നത് സസ്യങ്ങളാണ്. നമ്മുടെ നില നിൽപ്പിന്റെ ആധാരം തന്നെയായ ആ സസ്യങ്ങൾക്ക് ഊർജ്ജം നൽകുന്നതാവട്ടെ സൂര്യനും. കിഴക്ക് സൂര്യനോടും . സസ്യങ്ങളോടും ഫീൽ ചെയ്തുകൊണ്ട് നന്ദി പറയുക .

**ഓം സൂര്യായ നമഃ**

**<u>അഗ്നികോൺ (തെക്ക്- കിഴക്ക് ഭാഗം)</u>**

നമുക്ക് ചുറ്റിലുമുള്ള എല്ലാ ജീവജാലങ്ങളും അവയുടെ ധർമ്മം ചെയ്യുമ്പോഴാണ് നമുക്ക് സുഖമായി ജീവിക്കാൻ സാധി ക്കുന്നത് . രണ്ടു കാലിൽ നടക്കുന്ന ജീവികൾ, നാൽക്കാലികൾ, ഷഡ്പദങ്ങൾ എന്തിന് എട്ടുകാലികളോട് വരെ നന്ദി പറയുക .

സ്വന്തം ശരീരത്തിലെ ദഹനപ്രക്രിയകൾ നടക്കുന്നത് അഗ്നിയു ള്ളതുകൊണ്ടാണ് . അഗ്നിക്ക് നന്ദി പറയുക .

**ഓം അഗ്നയേ നമഃ**

## തെക്കു ഭാഗം

നമുക്ക് ജന്മം തന്ന് നമ്മെ വളർത്തി വലുതാക്കിയ നമ്മുടെ അച്ഛനെയും അമ്മയെയും പൂർവ്വീകയെും നന്ദിയോടെ സ്മരിക്കുകയും വാക്കു കൊണ്ടോ പ്രവൃത്തി കൊണ്ടോ , പെരുമാറ്റം കൊണ്ടോ അവർക്ക് പ്രയാസമുണ്ടാകുന്ന രീതിയിൽ നമ്മൾ പെരുമാറിയിട്ടുണ്ടെങ്കിൽ ക്ഷമ പറയുകയും ചെയ്യുക .

**ഓം പിതൃഭ്യോ നമഃ**

## നിഋതി കോൺ – ( തെക്ക് പടിഞ്ഞാറ് ഭാഗം )

നമ്മുടെ മാതാവായ ഭൂമിക്ക് നന്ദി പറയുക. അതേ പോലെ ഭൂമിക്കടിയിൽ താമസിക്കുന്ന ലക്ഷക്കണക്കിന് ജീവജാലങ്ങളോട് നന്ദി പറയുക .

**ഓം പൃഥീവൈ നമഃ**

## പടിഞ്ഞാറ് ഭാഗം

നമുക്ക് നിർലോഭമായി ലഭിച്ചുക്കൊണ്ടിരിക്കുന്ന ജലത്തിന നന്ദി പറയുക . അതേപോലെ നമ്മുടെ സ്വത്തിനും ജീവനും സംരക്ഷണം തരുന്ന ഇവിടുത്തെ നീതിന്യായ വ്യവസ്ഥ , ഭരണ കർത്താക്കൾ, സൈന്യം, പോലീസ്, മുഖ്യമന്ത്രി, പ്രധാനമന്ത്രി എന്നിവർക്കും ധർമ്മബോധമുണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുകയും അവരോട് നന്ദിപറയുകയും ചെയ്യുക .

**ഓം വരുണായനമഃ**

## വായുകോൺ ( പടിഞ്ഞാറ് വടക്ക് ഭാഗം )

തേനീച്ച മുതൽ ഗരുഢൻ വരെയുള്ള വായു വിൽ പറക്കുന്ന പരാഗണം നടത്തുകയും സസ്യങ്ങൾ , മരങ്ങൾ വച്ച് പിടിപ്പിക്കുകയും ചെയ്യുന്ന സമസ്ത ജീവജാലങ്ങളോടും നന്ദി പറയുക . തേനീച്ചകൾ പരാഗണം നടത്തുമ്പോഴാണ് സസ്യ ങ്ങളും ധാന്യങ്ങളും ഫലങ്ങളും ഉണ്ടാവുന്നത് . തേനീച്ച ഭൂമി യിലില്ലെങ്കിൽ പരമാവധി നാലു വർഷം മാത്രമേ മനുഷ്യർക്ക് ജീവിക്കാൻ സാധിക്കുകയുള്ളൂ . നന്ദി പറയുക .

**ഓം വായവേ നമഃ**

## വടക്ക് ഭാഗം

ഭാരതം ഋഷികളുടെ നാടാണ്, ലോകത്തിന്റെ ഏതെങ്കിലും ഭാഗത്തുനിന്ന് ആരെങ്കിലും ജ്ഞാനം അന്വേഷിച്ച് പുറപ്പെട്ടിട്ടു ണ്ടെങ്കിൽ അത് ഭാരതത്തെ ലക്ഷ്യം വച്ചായിരുന്നു. ആത്മാന്വേഷണം നടന്നതും ശാസ്ത്രചിന്തകൾ നടന്നതും ഈ മണ്ണിലാണ് . നമ്മുക്ക് ബോധോദയം ഉണ്ടാവട്ടെ എന്നു പ്രാർത്ഥിച്ചു കൊണ്ട് സമസ്ത ഗുരുക്കന്മാർക്കും ഗുരുപരമ്പരകൾക്കും സമ്പ്രദായങ്ങൾക്കും നന്ദി പറയുക .

**ഓം സോമായ നമഃ**

ഇന്ന് വരെ അനുഭവിച്ച സമ്പത്തിന് നന്ദി പറയുക

**ഓം കുബേരായ നമ:**

**ഈശാന കോൺ ( വടക്കുകിഴക്ക് )**

ഭൂമിയിൽ മനുഷ്യനേത്രങ്ങളെക്കൊണ്ട് കാണാൻ സാധിക്കാത്ത ഒരു പാട് ചൈതന്യങ്ങൾ ഉണ്ട്. ദിവ്യമായ ഊർജ്ജം സിദ്ധന്മാർ, ഗന്ധർവ്വൻമാർ , യക്ഷൻ കിന്നരന്മാർ, തുടങ്ങി ഈ ലോകത്തുള്ള നമുക്കറിയാത്ത അറിവുകൾക്ക് നമ്മുടെ പരിധിയിലല്ലാത്ത ശക്തികൾക്ക് നന്ദി പറയുക .

**ഓം ഈശാനായ നമ :**

വീണ്ടും കിഴക്കു ഭാഗത്തേക്ക് തിരിഞ്ഞുകൊണ്ട് സ്വന്തം കുടുംബത്തിലെ എല്ലാവരെയും മനസിൽ കൊണ്ടുവന്ന് , അവരോട് നന്ദിപറയുക . നാട്ടുകാർ , ഗുരുക്കന്മാർ , നമ്മൾ സുഖമായി ജീവിക്കാൻ കാരണമായ എല്ലാവരോടും അങ്ങേയറ്റം നന്ദി പറയുക .

**'ലോകാ : സമസ്താഃ സുഖിനോ ഭവന്തു'**

**ശ്രീ ലക്ഷ്മി– ദേവ്യാർപണ/മസ്തു**

പൂജയിൽ പങ്കെടുത്ത എല്ലാവർക്കും പ്രസാദം നൽകുക

# സംശയ നിവാരണം

**1. നമ്മൾ എത്ര മണിക്കാണ് പൂജ ചെയ്യുന്നത് ?**

എല്ലാവരും ഒരുമിച്ച് പൂജ ചെയ്യുമ്പോൾ ഒരു പ്രത്യേക ഊർജ്ജം ഉണ്ടാവും എന്നുള്ളതിനാൽ ആണ് നമ്മൾ പൊതുവായ ഒരു സമയം നിശ്ചയിച്ചിട്ടുള്ളത്. അത് ഇന്ന് (19/11/21) വൈകീട്ട് വൈകിട്ട് 6.00 മണി മുതൽ 7.00 മണി വരെയുള്ള സമയമാണ്. (ഇന്ത്യൻ സമയം ആണ് ഇവിടെ പറഞ്ഞിട്ടുള്ളത്). എല്ലാവരുംതന്നെ IST സമയവുമായി ബന്ധപ്പെടുത്തി അതാത് രാജ്യങ്ങളിലെ സമയം വ്യവസ്ഥ ചെയ്ത് പൂജ ചെയ്യേണ്ടതാണ്. ഇനി അതിനു സാധിച്ചില്ലെങ്കിൽ നിങ്ങളുടെ സൗകര്യം ഉള്ള സമയത്ത് നിങ്ങൾക്ക് പൂജ ചെയ്യാം. പൂജ ചെയ്യുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

**2. ഏതു ദിക്കിലേക്ക് തിരിഞ്ഞാണ് പൂജ ചെയ്യേണ്ടത് ?**

പൂജ ചെയ്യുന്നതിന് ദിക്ക് പ്രധാനപ്പെട്ട ഒരു വിഷയമല്ല. നിങ്ങളുടെ സൗകര്യം ആണ് പ്രധാനം. കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിഞ്ഞിരിക്കുക എന്നത് ഉത്തമം ആയി കണക്കാക്കുന്നു. നമ്മൾ പൂർണ്ണ കലശത്തിലാണ് പൂജിക്കുന്നത്. പൂർണ്ണ കലശത്തിൽ സൂര്യന്റെയും ചന്ദ്രന്റെയും നവഗ്രഹങ്ങളുടെയും സാന്നിധ്യമുള്ളതിനാൽ നമ്മളെ സംബന്ധിച്ച് ദിക്ക് ഒരു വിഷയമല്ല.

**3. പൂജക്ക് എത്ര വിളക്കുകളാണ് ഉപയോഗിക്കേണ്ടത് ?**

പൂജക്ക് ഒരു വിളക്ക് മതി. പിന്നെ രണ്ടു വിളക്കോ അതിലധികമോ വെച്ച് പരമാവധി നിങ്ങൾക്ക്

അലങ്കരിച്ച് ഭംഗിയാക്കാവുന്നതാണ്. ഒരു വിളക്കാണ് വെക്കുന്നതെങ്കിൽ കലശത്തിന് തൊട്ടുപുറകിൽ വയ്ക്കാവുന്നതാണ്. രണ്ട് വിളക്ക് ഉണ്ടെങ്കിൽ. കലശത്തിന് ഇരുഭാഗത്തും വെക്കുക.

**4. പൂജയ്ക്ക് വീട്ടിലുള്ള മറ്റുള്ളവരെ പങ്കെടുപ്പിക്കാൻ പറ്റുമോ ?**

തീർച്ചയായും പറ്റും എല്ലാവരെയും പങ്കെടുപ്പിക്കുകയാണ് വേണ്ടത്.

**5. എല്ലാവരും പൂജ ചെയ്യേണ്ടതുണ്ടോ അല്ല ശിക്ഷാർത്ഥികൾ മാത്രം ചെയ്താൽ മതിയോ ?**

പൂജാ ദീക്ഷ ലഭിച്ച ആൾ പൂജ ചെയ്യുകയും മറ്റുള്ളവർ എല്ലാവരുംതന്നെ പൂജാ കർമങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്നതാണ് ഉത്തമം.

**6. പുസ്തകം നോക്കി ചെയ്യാൻ പാടുള്ളതാണോ ?**

നിങ്ങൾക്ക് പുസ്തകം നോക്കിയോ ഓഡിയോ കേട്ടോ പൂജ ചെയ്യാവുന്നതാണ്.

**7. പൂജ ക്ലാസിലെ പാഠങ്ങൾ വ്യക്തമായി പഠിക്കാൻ സാധിച്ചിട്ടില്ല അപ്പോൾ എങ്ങനെയാണ് പൂജ ചെയ്യുക. ?**

പൂജയുടെ mp3 ഓൺ ചെയ്തു അതിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പൂജ ചെയ്താൽ മതിയാകും. എവിടെയെങ്കിലും നമുക്ക് കൂടുതൽ സമയം വേണമെന്ന് തോന്നുകയാണെങ്കിൽ അവിടെ ഓഡിയോ പോസ് ചെയ്തു അത് നിങ്ങളുടെ സൗകര്യം അനുസരിച്ച് പൂജ മുന്നോട്ടു പോകാവുന്നതാണ്.

**8. സാധനങ്ങൾ മുഴുവൻ കിട്ടിയിട്ടില്ലെങ്കിൽ എങ്ങനെ പൂജ ചെയ്യും ?**

നമുക്ക് പൂജ മൂന്ന് രീതിയിൽ ചെയ്യാവുന്നതാണ്.

**1. മാനസികമായി ചെയ്യുന്ന പൂജ** : പൂജയുടെ ഓഡിയോ കേട്ടു കൊണ്ട് കണ്ണുകൾ അടച്ചു വെച്ച് പൂജ ചെയ്യുന്നതായി ഭാവന ചെയ്യുന്നതാണ് മാനസികമായി ചെയ്യുന്ന പൂജ.

**2. വാചികം** : സാധനങ്ങൾ ഒന്നും ഇല്ലെങ്കിലും ഒരു വിളക്ക് കത്തിച്ചു വെച്ച തന്ത്രങ്ങളെല്ലാം ഉച്ചരിച്ച ചർച്ച ചെയ്യുന്നതാണ് വാചിക പൂജ.

**3. വസ്തുക്കൾ ഉപയോഗിച്ചുള്ള പൂജ**: എല്ലാ വസ്തുക്കളും ഒരുക്കിവെച്ച ചെയ്യുന്നതാണിത്. ഏതെങ്കിലും വസ്തുക്കൾ ലഭിച്ചിട്ടില്ലെങ്കിൽ പകരം അക്ഷതമോ ജലമോ പുഷ്പമോ ഉപയോഗിച്ചാൽ മതിയാകും. കലശത്തിൽ ജലവും പുഷ്പവും മാത്രം ഉപയോഗിച്ചും പൂജ ചെയ്യാം. വസ്ത്രത്തിനും ഉത്തരീയത്തിനും ആഭരണത്തിനും പകരമായി പുഷ്പമോ അക്ഷതമോ സമർപ്പിക്കാം. തേനിനും പഞ്ചാമൃതത്തിനു പകരം ജലം തന്നെ ഉപയോഗിക്കാം.

**9. പൂജ ചെയ്യാനുള്ള പാത്രങ്ങൾ ലഭിച്ചിട്ടില്ലെങ്കിൽ എങ്ങനെ പൂജ ചെയ്യും?**

നമുക്ക് വീട്ടിലെ അടുക്കളയിലുള്ള ഗ്ലാസ്സോ സ്പൂണോ പാത്രമോ കിണ്ടിയോ ഉപയോഗിച്ച് പൂജ ചെയ്യാവുന്നതാണ്.

**10. മാവില ലഭിക്കാൻ ഇല്ലെങ്കിൽ എന്ത് ചെയ്യണം ?**

കലശ പാത്രത്തിൽ വെള്ളം നിറച്ച് നാളികേരം വെച്ച് നമുക്ക് പൂജ ചെയ്യാം വെറ്റില ലഭിക്കുന്നുണ്ടെങ്കിൽ മാവിലക്ക് പകരം വെറ്റില വയ്ക്കാവുന്നതാണ്.

**11. കലശത്തിനകത്ത് എന്താണ് ഒഴിക്കേണ്ടത് ?**

കലശത്തിൽ ശുദ്ധജലമാണ് ഒഴിക്കേണ്ടത്.

**12 പൂജയ്ക്കുശേഷം ഈ ജലം എന്ത് ചെയ്യണം ?**

പൂജയ്ക്കു ശേഷം കലശത്തിലെ ജലം തീർത്ഥമായി എല്ലാ സ്ഥലത്തും തളിക്കാവുന്നതാണ്.

**13. പൂജ കഴിഞ്ഞ് എപ്പോഴാണ് ഈ തീർത്ഥം എടുക്കാൻ പറ്റുന്നത് ?**

പൂജ കഴിഞ്ഞ് ഉടനെയോ അടുത്ത ദിവസമോ നിങ്ങളുടെ സൗകര്യം പോലെ നിങ്ങൾക്ക് കലശത്തിലെ തീർത്ഥം ഉപയോഗിക്കാവുന്നതാണ്. എന്നാൽ നിങ്ങൾ ദിവസവും പൂജ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, നാളികേരവും ജലവും മൂന്നോ നാലോ ദിവസവും കൂടുമ്പോൾ മാത്രം മാറ്റിയാൽ മതിയാകും.

**14. കലശത്തിൽ ഉപയോഗിക്കുന്ന നാളികേരവും അരിയും എന്താണ് ചെയ്യേണ്ടത് ?**

അരിയും നാളികേരവും നമുക്ക് ഭക്ഷണത്തിനായി ഉപയോഗിക്കുന്നത് വളരെ ശ്രേഷ്ഠമാണ്.

**15. പൂജയ്ക്ക് ഉപയോഗിക്കുന്ന വസ്ത്രങ്ങൾ വീണ്ടും ഉപയോഗിക്കാൻ കഴിയുമോ ?**

തീർച്ചയായും നമ്മൾ നിരന്തരം പൂജ ചെയ്യാൻ തീരുമാനിക്കുകയാണ്, അതുകൊണ്ടുതന്നെ പൂജയ്ക്ക് ഉപയോഗിക്കുന്ന വസ്തുക്കൾ കഴുകി ശുദ്ധിയാക്കി വീണ്ടും ഉപയോഗിക്കാവുന്നതാണ്.

**16. അമ്പലത്തിൽ നിന്നും ലഭിച്ച പട്ട് കുങ്കുമം ചന്ദനം എന്നിവ പൂജയ്ക്ക് ഉപയോഗിക്കാമോ ?**

അമ്പലത്തിൽ നിന്നും പ്രസാദമായി ലഭിച്ച സിന്ദൂരം കുങ്കുമം പൂജയ്ക്ക് ഉപയോഗിക്കരുത്. കാരണം അത് പ്രസാദമാണ്, നിർമാല്യമാണ്. എന്നാൽ ക്ഷേത്രത്തിൽ നിന്നും ലഭിച്ച പട്ട് കഴുകി ശുദ്ധിയാക്കി ഉപയോഗിക്കാം.

**17. വസ്ത്രം ലഭിച്ചിട്ടില്ലെങ്കിൽ എന്തു ചെയ്യും ?**

വസ്ത്രത്തിന് പകരം പുഷ്പമോ അക്ഷതമോ സമർപ്പിക്കാം.

**18. ഒരു പ്രാവശ്യം പൂജക്ക് ഉപയോഗിച്ച പുഷ്പങ്ങൾ പിന്നീട് ഉപയോഗിക്കാൻ കഴിയുമോ ?**

ഇല്ല, ഒരു പ്രാവശ്യം ഉപയോഗിച്ച പുഷ്പങ്ങൾ പിന്നീട് ഉപയോഗിക്കാൻ പാടുള്ളതല്ല.

**19. പുഷ്പാഞ്ജലി ചെയ്യുമ്പോൾ നമ്മുടെ വീട്ടിലെ എല്ലാവരുടെയും പേരിൽ പുഷ്പാഞ്ജലി ചെയ്യാമോ ?**

തീർച്ചയായും, എല്ലാവരുടെയും പേരിൽ പുഷ്പാഞ്ജലി ചെയ്യണം. നിങ്ങൾ Audio / mp3 കേട്ടുകൊണ്ടാണ് പൂജ ചെയ്യുന്നതെങ്കിൽ mp3 അവിടെ Pause ചെയ്തു എല്ലാവരുടെയും പേരിൽ പുഷ്പാഞ്ജലി ചെയ്തതിനുശേഷം ബാക്കി പൂജ തുടരാവുന്നതാണ്.

**20. നിവേദ്യത്തിന് എന്തൊക്കെ സാധനങ്ങൾ ആണ് ഉപയോഗിക്കേണ്ടത് ?**

നിങ്ങളുടെ കഴിവ് പോലെ പഴമോ നാളികേമോ ത്രിമധുരമോ പായസമോ ഉപയോഗിക്കാം.

**21. ഏത് / എന്ത് പായസമാണ് ഉപയോഗിക്കേണ്ടത് ?**

ശർക്കര പായസമോ പാൽപ്പായസമോ നിങ്ങൾക്ക് ഏറ്റവും നന്നായി ഉണ്ടാക്കാൻ അറിയുന്ന ഏത് പായസവും നിവേദ്യമായി ഉപയോഗിക്കാം. ഫലങ്ങൾ മാത്രം വെച്ചും നിവേദ്യം ചെയ്യാവുന്നതാണ്.

**22. സ്ത്രീകൾക്ക് പൂജ ചെയ്യാൻ സാധിക്കുമോ ?**

തീർച്ചയായും സ്ത്രീകൾക്ക് പൂജ ചെയ്യാം. സ്ത്രീകൾ പൂജ ചെയ്യുന്നത് വളരെ വിശേഷമാണ്.

**23. സ്ത്രീകൾക്ക് ആർത്തവ സമയത്ത് പൂജ ചെയ്യാമോ ?**

പൂജ തികച്ചും വ്യക്തിപരമായ ഒരു ഉപാസന പദ്ധതിയാണ്. അതുകൊണ്ടുതന്നെ പൂജ ചെയ്യുന്നതിൽ നിന്നും ആരെയും മാറ്റി നിർത്തിയിട്ടില്ല.

**24. പുലവാലായ്മ ഉള്ളപ്പോൾ പൂജ ചെയ്യാമോ ?**

നമ്മുടെ വീട്ടിൽ ആരെങ്കിലും മരിച്ചിട്ടുണ്ടെങ്കിൽ മാത്രം പൂജ ചെയ്യുന്നതിൽ നിന്നും മാറി നിൽക്കാം. മറ്റെല്ലാവർക്കും തന്നെ പൂജ ചെയ്യാവുന്നതാണ്

**25. വിളക്കിൽ എത്ര തിരിയാണ് ഇടേണ്ടത് ?**

വിളക്കിൽ രണ്ട് തിരിയോ, അഞ്ചു തിരിയോ വിളക്കിൻറെ വലിപ്പമനുസരിച്ച് ചെയ്യാം.

**26. നിലത്ത് ഇരുന്ന് പൂജ ചെയ്യണം എന്ന് നിർബന്ധം ഉണ്ടോ ?**

ഒരു നിർബന്ധവുമില്ല. നിങ്ങൾക്ക് കസേരയിൽ ഇരുന്ന് മേശ, ടീപോയ്യുടെ മുകളിൽ ചെയ്യാവുന്നതാണ്.

**27. മന്ത്രങ്ങളിൽ തെറ്റു വന്നാൽ എന്തെങ്കിലും ദോഷമുണ്ടോ ?**

ഒരു ദോഷവുമില്ല, ദേവത ശിക്ഷിക്കുന്ന ശക്തിയല്ല രക്ഷിക്കുന്ന ശക്തിയാണ്.

**28. ഇന്നത്തെ പൂജ കഴിഞ്ഞാൽ പിന്നെ എപ്പോഴാണ് പൂജ ചെയ്യേണ്ടത് ?**

നിങ്ങളുടെ സൗകര്യം അനുസരിച്ച് ആഴ്ചയിൽ ഒരു ദിവസമോ മാസത്തിൽ ഒരു ദിവസമോ അല്ലെങ്കിൽ വിശേഷ അവസരങ്ങളിലോ സൗകര്യം പോലെ ചെയ്യാവുന്നതാണ്.

**29. പൂജ തുടങ്ങി പിന്നീട് എപ്പോഴെങ്കിലും പൂജ മുടങ്ങി പോയാൽ ദോഷമുണ്ടോ ?**

ദേവതയുടെ ഗുണം ശിക്ഷിക്കലല്ല രക്ഷിക്കൽ ആണ്, ഒരിക്കലും ദോഷം ഉണ്ടാവുകയില്ല.

**30. ഫോട്ടോ കിട്ടിയില്ലെങ്കിൽ എന്തു ചെയ്യും ?**

നമ്മൾ കലശത്തിൽ ആണ് പൂജ ചെയ്യുന്നത് ഒരു ഫോട്ടോ വെറുതെ വയ്ക്കുകയാണ് ചെയ്യുന്നത്. അതിനാൽ തന്നെ ഫോട്ടോ കിട്ടിയിട്ടില്ലെങ്കിലും വിഷമിക്കേണ്ടതില്ല.

**31. പൂജക്ക് ശേഷം എത്ര സമയം കഴിഞ്ഞ് പൂജാ വസ്തുക്കൾ മാറ്റം ?**

പൂജ കഴിഞ്ഞ് ഒരു മണിക്കൂർ സമയം കഴിഞ്ഞ് എപ്പോൾ വേണമെങ്കിലും മാറ്റാവുന്നതാണ്.

**32. പൂജയുടെ പ്രസാദം അടുത്ത വീടുകളിലെല്ലാം നൽകാമോ ?**

തീർച്ചയായും, പൂജയുടെ പ്രസാദം ചുറ്റുപാടുള്ള എല്ലാ വീടുകളിലും നൽകാവുന്നതാണ്. അടുത്തുള്ള വീട്ടിലെ ആളുകളെ പൂജയ്ക്ക് പങ്കെടുപ്പിക്കാം.

**33. ഞാൻ ജോലി കഴിഞ്ഞ് എത്താൻ വളരെ വൈകും അപ്പോൾ എന്തു ചെയ്യും ?**

നിങ്ങൾക്ക് എപ്പോഴാണ് ചെയ്യാൻ സാധിക്കുന്നത് ആ സമയത്ത് ചെയ്യാവുന്നതാണ്.

**34. എങ്ങനെയാണ് പഞ്ചാമൃതം ഉണ്ടാക്കുന്നത് ?**

കൽക്കണ്ടം മുന്തിരി തേൻ പഴം നെയ്യ് എന്നിവ ഉപയോഗിച്ച് പഞ്ചാമൃതം ഉണ്ടാക്കാം.

**35. മണി കിട്ടിയില്ലെങ്കിൽ എങ്ങനെ പൂജ ചെയ്യും ?**

മണി വളരെ നിർബന്ധമുള്ള ഒരു കാര്യമല്ല.

**36. പൂജയ്ക്ക് എന്തൊക്കെ പുഷ്പങ്ങൾ എടുക്കാം ?**

നിങ്ങളുടെ വീട്ടുമുറ്റത്തുള്ള ഏതു പുഷ്പവും പൂജയ്ക്ക് ഉപയോഗിക്കാം. തുളസിയും കൂവളവും എല്ലാം തന്നെ ഉപയോഗിക്കാം.

**37. പുഷ്പം തീരെ കിട്ടിയില്ലെങ്കിൽ എന്തു ചെയ്യും ?**

പുഷ്പം കിട്ടിയിട്ടില്ലെങ്കിൽ അക്ഷതം ഉപയോഗിക്കാവുന്നതാണ്. അല്ലെങ്കിൽ സിന്ദൂരം ഉപയോഗിക്കാവുന്നതാണ്.

**38. പൂജ ചെയ്യുമ്പോൾ പുതിയ വസ്ത്രം ധരിക്കേണ്ടതുണ്ടോ ?**

ഒരിക്കലുമില്ല, വളരെ ശുദ്ധമായ ഒരു വസ്ത്രം ധരിക്കണം എന്ന് മാത്രം.

**39. വെറ്റില കിട്ടിയില്ലെങ്കിൽ പകരം എന്ത് ചെയ്യും ?**

വെറ്റിലയ്ക്ക് പകരം പുഷ്പാക്ഷതങ്ങൾ സമർപ്പിക്കാവുന്നതാണ്.

**40. നമ്മൾ പഠിച്ച ഭാഗ്യസൂക്തവും സംവാദസൂക്തവും പൂജയിൽ എവിടെയാണ് ചൊല്ലേണ്ടത് വീഡിയോയിൽ കാണുന്നില്ല ?**

പുഷ്പാഞ്ജലി കഴിഞ്ഞ സ്ഥലത്ത് ഭാഗ്യസൂക്തം ചൊല്ലാം എന്ന് പറയുന്ന ഭാഗം ഉണ്ട്. വീഡിയോ അവിടെ പോസ് ചെയ്തു നിർത്തി ഭാഗ്യസൂക്തവും ശ്രീ സൂക്തവും സംവാദ സൂക്തം ചൊല്ലി അതിനുശേഷം പൂജ മുന്നോട്ട് കൊണ്ടു പോകാവുന്നതാണ്.

**41. പീഠം എന്ന് പറയുന്നത് എന്താണ് ? വീട്ടിൽ പീഠം ഇല്ലെങ്കിൽ എന്ത് ചെയ്യും?**

മരത്തിൻറെ പീഠം തന്നെ വേണമെന്നില്ല, പ്ലാസ്റ്റിക് ഉപയോഗിക്കാം. നമ്മൾ ഇരിക്കാൻ ഉപയോഗിക്കുന്ന പലക കഴുകി ശുദ്ധിയാക്കി ഉപയോഗിക്കാം.

**42. തേനും പഞ്ചാമൃതവും ജലവും അർപ്പിക്കേണ്ടത് കലശത്തിൽ ആണോ?**

കലശത്തിന് തൊട്ടുതാഴെ ചെറിയ ഒരു പാത്രം വെച്ച് അതിലേക്ക് സമർപ്പിക്കാവുന്നതാണ്. പൂജക്ക് ശേഷം അത് പ്രസാദമയി ഉപയോഗിക്കാവുന്നതാണ്.

**43. നാളികേരത്തിന് കണ്ണ് ഉള്ള എവിടെയാണ് വെക്കേണ്ടത് ?**

നാളികേരത്തിന്റെ കണ്ണുള്ള ഭാഗം മുകളിലേക്കാണ് വയ്ക്കേണ്ടത്

**44. നാളികേരത്തിന്റെ ചകിരി തുപ്പ് വേണമെന്ന് നിർബന്ധമുണ്ടോ ?**

നിർബന്ധമില്ല.

**45. വസ്ത്രത്തിനു പകരം എന്താണ് ഉപയോഗിക്കുക ?**

വസ്ത്രത്തിനും ഉത്തരീയത്തിനും യജ്ഞോപവീതത്തിനും നൂല് ഉപയോഗിക്കാവുന്നതാണ്.

**46. മാല ഉണ്ടെങ്കിൽ എവിടെയാണ് ചാർത്തേണ്ടത് ?**

മാല കലശത്തിൽ / ഫോട്ടയിൽ ചാർത്താവുന്നതാണ്.

**47. കലശത്തിൽ മാല ചാർത്തണം എങ്കിൽ എപ്പോഴാണ് ചാർത്തേണ്ടത് ?**

ഷോഡശോപചാര പൂജയിൽ പുഷ്പം സമർപ്പയാമി എന്ന് പറയുന്ന സ്ഥലത്ത് മാലചാർത്താവുന്നതാണ്.

**48. അലങ്കാരത്തിന് എന്താണ് ഉപയോഗിക്കേണ്ടത് ?**

ചന്ദനം സിന്ദൂരം എന്നിവ ഉപയോഗിച്ച് അലങ്കാരം ചെയ്യാം

**49. നമ്മൾ ദിവസവും പൂജ ചെയ്യേണ്ടതില്ലേ. ദിവസം എത്ര പ്രാവശ്യം ചെയ്യണം**

പൂജ ചെയ്യുന്ന കര്യത്തിൽ നിങ്ങൾക്ക് 100% സ്വാതന്ത്ര്യമുണ്ട് നിങ്ങളുടെ സമയവും താൽപര്യമനുസരിച്ച് ചെയ്യുന്നതാണ്.

**50. കലശത്തിലെ ജലവും മാവിലയും ദിവസവും മാറ്റേണ്ടതുണ്ടോ.**

കഴിയുമെങ്കിൽ പുതിയത് വെയ്ക്കുക. ഇല്ലെങ്കിൽ 3/5 ദിവസം ഉപയോനിക്കാം മാവില / ജലം കേടുവന്നാൽ മാറ്റണം.

**51. വസ്ത്രം വീണ്ടും ഉപയോഗിക്കാമോ ?** തീർച്ചയായും ഉപയോഗിക്കാം.

| ഷഷ്ടി സംവത്സരങ്ങൾ | | |
|---|---|---|
| ആദ്യത്തെ 20 എണ്ണം **'ബ്രഹ്മവിംശതി:'** എന്നറിയപ്പെടുന്നു. | രണ്ടാമത്തെ 20 എണ്ണം **'വിഷ്ണുവിംശതി'** എന്നറിയപ്പെടുന്നു. | മൂന്നാമത്തെ 20 എണ്ണം, **'രുദ്രവിംശതി:'** എന്നറിയപ്പെടുന്നു. |
| 1 പ്രഭവ: | 1 സർവജിത: | 1 പ്ലവങ്ഗ: |
| 2 വിഭവ: | 2 സർവധാരീ | 2 കീലക: |
| 3 ശുക്ലാ | 3 വിരോധീ | 3 സൗമ്യാ |
| 4 പ്രമോദൂലാ | 4 വികൃതി: | 4 സാധാരണ: |
| 5 പ്രജോത്പത്തി: | 5ഖര: | 5 വിരോധീക്രതു: |
| 6 ആങ്ഗിരസാ | 6 നന്ദന: | 6 പരിഘാതീ |
| 7 ശ്രീമുഖ: | 7 വിജയാ | 7 പ്രമാദീയ: |
| 8 ഭവാ | 8 ജയാ | 8 ആനന്ദ: |
| 9 യുവാ | 9 മന്മഥാ | 9 രാക്ഷസ : |
| 10 ധാതാ | 10 ദുർമുഖീ | 10 നള: |
| 11 ഈശ്വര: | 11 ഹേവലമ്ബീ | 11 പിങ്ഗളാ |
| 12 ബഹുധാന്യാ | 12 വിളമ്ബീ | 12 കാകയുകി: |
| 13 പ്രമാദീ | 13 വികാരീ | 13 സിദ്ധദ്രീ |
| 14 വിക്രമാ | 14 ശാർവരീ | 14 രൗദ്രീ |
| 15 വിഷ്ണു: | 15 **പ്ലവ:** (**Present**) | 15 ദുർമനാ |
| 16 ചിത്രഭാനു: | 16 ശുഭക്രതു: | 16 ദുന്ദുഭി: |
| 17 സ്വഭാനു: | 17 ശോഭക്രതു: | 17 രൗദ്രോദ്ഗാരീ |
| 18 താരണാ | 18 ക്രോധീ | 18 രക്താക്ഷീ |
| 19 പാർഥിവ: | 19 വിശ്വവസു: | 19 ക്രോധനാ |
| 20 വ്യയ: | 20 പരാഭവ: | 20 ക്ഷയ: |

**<u>അയനങ്ങൾ: 2</u>**

ഉത്തരായണേ / ദക്ഷിണായനേ (6 മാസം വീതം) മകരം മുതൽ മിഥുനം വരെ ഉത്തരായനം, കർക്കിടകം മുതൽ ധനു വരെ ദക്ഷിണായനം

മകരം കുംഭം മീനം മേടം ഇടവം മിഥുനം ഉത്തരായനം, കർക്കിടകം ചിങ്ങം കന്നി തുലാം വൃശ്ചികം ധനു ദക്ഷിണായനം

**<u>മാസങ്ങൾ – 12</u>**

- സിംഹ
- കന്നി
- തുലാ
- വൃശ്ചിക
- ധനുർ
- മകര
- കുംഭ
- മീന
- മേഷ
- എടവ
- മിഥുന
- കർക്കിടക

*പേരിന്റെ കൂടെ 'മാസേ' എന്നു ചേർത്തു പറയണം*

**പക്ഷങ്ങൾ – 2**

ശുക്ല(വെളുത്ത) പക്ഷവും, കൃഷ്ണ(കറുത്ത) പക്ഷവും. പ്രതിപദം മുതൽ അമാവസ്യ വരെ കറുത്തപക്ഷം, പ്രതിപദം മുതൽ പൂർണ്ണിമ വരെ വെളുത്തപക്ഷം.'**ശുക്ലപക്ഷെ**' എന്നും, '**കൃഷ്ണപക്ഷെ**' എന്നും പക്ഷത്തിനനുസരിച്ച് ചേർക്കണം.

**തിഥികൾ – 15**

- പ്രഥമായാം (പ്രതി പദായാം)
- ദ്വിതീയായയാം
- തൃതീയായയാം
- ചതുർഥ്യാം
- പഞ്ചമ്യാം
- ഷഷ്ഠ്യാം
- സപ്തമ്യാം
- അഷ്ടമ്യാം
- നവമ്യാം
- ദശമ്യാം
- ഏകാദശ്യാം
- ദ്വാദശ്യാം
- ത്രയോദശ്യാം
- ചതുർദശ്യാം
- അമാവസ്യായാം/പൂർണ്ണിമായാം

*(ഇതിന്റെ കൂടെ തിഥൗഎന്നു ചേർത്താൽ മതി )*

**വാസര:( ആഴ്ചകൾ) – 7**

- രവി
- സോമ
- മങ്ഗള
- ബുധ
- ഗുരു (ബൃഹസ്പതി)
- ശുക്ര
- ശനി

*'വാസരയുക്തായം' എന്ന് ചേർത്തു പറയുക*

**ശകവർഷത്തിന്റെ മാസങ്ങൾ 12**

- ചൈത്ര
- വൈശാഖ
- ജ്യേഷ്ഠ
- ആഷാഢ
- ശ്രാവണ
- ഭാദ്രപദ
- ആശ്വിന
- കാർത്തിക
- ആഗ്രഹായണ
- പൗഷ
- മാഘ

- ഫാല്ഗുന *(ഇവിടെയും ‘ മാസേ’ എന്നു ചേർക്കുക)*

**<u>നക്ഷത്രങ്ങൾ – 27</u>**

1 അശ്വിനീ

2 ഭരണീ

3 കൃത്തികാ

4 രോഹിണീ

5 മൃഗശീർഷാ

6 ആർദ്രാ

7 പുനർവസു

8 പുഷ്യ

9 ആശ്ലേഷാ

10 മഘാ

11 പൂർവഫാല്ഗുനീ

12 ഉത്തരഫാല്ഗുനീ

13 ഹസ്താ

14 ചിത്രാ

15 സ്വാതി

16 വിശാഖാ

17 അനുരാധാ

18 ജ്യേഷ്ഠാ

19 മൂല

20 പൂർവാഷാഢ

21 ഉത്തരാഷാഢ

22 ശ്രവണ

23 ധനിഷ്ഠാ

24 ശതഭിഷക്

25 പൂർവാഭാദ്ര പദ

26 ഉത്തരാഭാദ്രപദ

27 രേവതീ

*നക്ഷത്രത്തിന്റെ പേരിന്റെ കൂടെ ' നക്ഷത്രയുക്തായാം' എന്നു ചേർക്കുക. നക്ഷത്രത്തിന്റെ സംസ്കൃത നാമം പറയുന്നത് വിഷമമാണെങ്കിൽ മലയാളനാമംപറഞ്ഞാൽ മതി*

# ശ്രീ മഹാലക്ഷ്മി പൂജക്ക് ആവശ്യമുള്ള സാധനങ്ങൾ

1. ചെമ്പ് ,പിത്തള, സ്റ്റീൽ , വെള്ളി, മണ്ണ് ഏതെങ്കിലും ചെറിയ കലശ പാത്രം - 1

2.നാളികേരം - 1

3.മാവില -16

4.ഒരു താലത്തിൽ 1 കപ്പ് അരി

5.പുഷ്പങ്ങൾ - തെച്ചി തുളസി തുടങ്ങി നമ്മുടെ വീട്ടുമുറ്റത്ത് ഉള്ള ഏത് പുഷ്പവും ഉപയോഗിക്കാം

6.ചന്ദനം / കളഭം

7.സിന്ദൂരം

8.നൂൽ

9.നിലവിളക്ക് - 1

10.എണ്ണ ,

11.തിരി,

12.തീപ്പെട്ടി

13.ചുവന്ന പട്ട് അരമീറ്റർ

14.മഞ്ഞ ചരട് - ( നൂൽ മഞ്ഞളിൽ മുക്കിയാൽ മതി )

15.നിവേദ്യത്തിനായി പഴം, നാളികേരം, ഫലങ്ങൾ,പായസം

തുടങ്ങി അവനവന്റെ കഴിവിനനുസരിച്ച് തയ്യാറാക്കാം

16.ചെറിയ ഒരു മണി

17.ചന്ദനത്തിരി

18.കർപ്പൂരം

19.വെറ്റില അടക്ക

20.പാൽ

21.തേൻ

22.നെല്ല്

23.ചന്ദനത്തിരി

24. കർപ്പൂരം

24.മഹാലക്ഷ്മീ പ്രതിമ / ഫോട്ടോ ഉണ്ടെങ്കിൽ വെയക്കാവുന്നതാണ്

25. കിണ്ടി / പഞ്ചപാത്രം / ഗ്ലാസ്സ് + സ്പൂൺ

മഹാലക്ഷമി പൂജ കണാൻ QR കോഡ് സ്കാൻ ചെയുക